**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4088** **24.08.2017 ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വൻതോതിൽ മയക്കുമരുന്ന്, കഞ്ചാവ്, മറ്റിതര ലഹരി വസ്തുക്കൾ എന്നിവ വിറ്റഴിക്കപ്പെടുന്നുവെന്നതും, അതിൽ ഇരകളാകുന്നവരിൽ പെൺകുട്ടികൾ കൂടി ഉൾപ്പെടുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിന് ആനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽനിന്നും കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പ്രതികളാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇത്തരം കേസുകളിൽ പെൺകുട്ടികൾ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ. യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ |

| | | | |
|---|---|---|---|
| | | | 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.<br><br>വിദ്യാർത്ഥികളെയും യുവജനങ്ങളെയും മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി 'ലഹരിക്കെതിരെ യുവത്വം' എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന 2542 ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ആയതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും പ്രദർശനങ്ങളും ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) | നമ്മുടെ യുവതലമുറയെ ഒന്നാകെ നശിപ്പിക്കുന്ന ഇത്തരം വിപത്തിനെ ഇല്ലായ്മ ചെയ്യാൻ കാര്യക്ഷമമായ പദ്ധതികൾ എക്സൈസ്, ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനും ഇത്തരം പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് തടയുന്നതിനും എക്സൈസ്, പോലീസ് വിഭാഗങ്ങൾ സഹകരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്ത പരിശോധനകളും സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ രൂപീകര |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; | | ണവും സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ബോധവത്കരണ, ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വിദ്യാലയപരിസരങ്ങളിലെ ചെറിയകടകളും മറ്റും കേന്ദ്രീകരിച്ച് മയക്കമരുന്നുകൾ, ലഹരി മിഠായികൾ മുതലായവ വിറ്റതിന്റെ പേരിലും, കോളേജ് പരിസരങ്ങളിൽ ലഹരി വിറ്റതിന്റെ പേരിലും എത്ര പേർക്കെതിരെ ഈ സർക്കാർ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2017 ജൂലൈ 31 വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് നിന്നും മയക്കുമരുന്നുകളുടെ വില്പനയുമായി ബന്ധപ്പെട്ട് 335 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ